# മരണപ്പെട്ടവരുടെ നന്മകൾ പങ്കുവെക്കാനുള്ളതാണ്

عَنْ أَنسٍ رَضِيَ اللَّهُ عَنْهُ قَالَ: مُرَّ عَلَى رَسُولِ اللهِ ﷺ بِجَنَازَةٍ فَأَثْنَوْا عَلَيْهَا خَيْرًا، فَقَالَ رَسُولُ اللهِ ﷺ وَجَبَتْ. ثُمَّ قَالَ رَسُولُ اللهِ ﷺ أَنْتُمْ شُهَدَاءُ اللهِ فِي الأَرْضِ (ترمذى)

അനസി(റ)ൽനിന്ന്: നബി(സ)യുടെ അരികിലൂടെ ഒരു ജനാസ കൊണ്ടുപോയപ്പോൾ സ്വഹാബികൾ അദ്ദേഹത്തിന്റെ നന്മകൾ പ്രകീർത്തിച്ചു. അപ്പോൾ നബി(സ) പറഞ്ഞു: 'അനിവാര്യമായി.' തുടർന്ന് റസൂൽ(സ) പറഞ്ഞു: "നിങ്ങൾ ഭൂമിയിൽ അല്ലാഹുവിന്റെ സാക്ഷികളാകുന്നു" (തിർമിദി).

അല്ലാഹുവിന് ഇബാദത്ത് ചെയ്ത് അവന് സർവസ്വം സമർപ്പിച്ച വിശ്വാസികൾ ഭൗതികജീവിതത്തോട് വിടവാങ്ങുമ്പോൾ പല കാലങ്ങളിലും ഘട്ടങ്ങളിലുമായി അവനോട് സഹവസിച്ചവർക്ക് ഒരുപാട് നന്മകൾ പങ്കുവെക്കാനുണ്ടാവും. ജനങ്ങളുമായി ഇടപഴകുകയും അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുകയും ചെയ്യുന്നത് ദൈവാരാധനകളുടെ ഭാഗമായി കാണുന്നവരാണല്ലോ യഥാർഥ വിശ്വാസി. അതുകൊണ്ടുതന്നെ ഒരായുഷ്കാലത്ത് ഒരു വിശ്വാസി ഒട്ടേറെ സഹജീവികൾക്ക് നന്മയുടെ തണൽ വിരിച്ചിട്ടുണ്ടാവും. അത്തരമൊരാളുടെ മരണവേളയിൽ ആ നന്മകൾ പങ്കുവെക്കുക സ്വാഭാവികം. അങ്ങനെയുള്ള ഒരു സ്വഹാബിയുടെ മരണവേളയിൽ അദ്ദേഹത്തിന്റെ നന്മകൾ പ്രകീർത്തിച്ച സന്ദർഭമാണ് ഈ ഹദീസിന്റെ പശ്ചാത്തലം.

നന്മ-തിന്മകളുടെ വിചാരണയും പ്രതിഫലവും നാളെ പരലോകത്ത് അല്ലാഹുവാണ് നടപ്പിലാക്കുക. എങ്കിലും ഭൂമിയിൽ സഹവസിച്ചവരുടെ അനുഭവങ്ങൾ ദുനിയാവിൽ തന്നെ അവന്റെ നന്മ-തിന്മകളുടെ സാക്ഷ്യങ്ങളാകുന്നു. 'നിങ്ങൾ ഭൂമിയിൽ അല്ലാഹുവിന്റെ സാക്ഷികളാകുന്നു' എന്ന നബിയുടെ വാക്കിന്റെ ഉദ്ദേശ്യമിതാണ്. പരേതന്റെ നന്മകൾ പ്രകീർത്തിക്കപ്പെടേണ്ടതാണെന്ന സൂചനയും 'അതനിവാര്യമായി' എന്ന നബിയുടെ വാക്കിൽ നിന്ന് മനസ്സിലാക്കാം.

മരണപ്പെട്ടവരുടെ നന്മകൾ പറയണമെന്ന് റസൂൽ(സ) മറ്റു സന്ദർഭങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇബ്നു ഉമറി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: "നിങ്ങളിൽ മരണപ്പെട്ടവരുടെ നന്മകൾ പറയുക. അവരുടെ ദൂഷ്യങ്ങൾ അടക്കിവെക്കുക" (തിർമിദി, ഇബ്നുമാജ).

ഏതൊരു വിശ്വാസിയും മനുഷ്യനാണ്. വീഴ്ചകളും പാളിച്ചകളും മനുഷ്യ സഹജമാണ്. തെറ്റുകൾ വന്നുപോകുന്നത് മനുഷ്യ പ്രകൃതമാണ്. അല്ലാഹു തന്നെ അത് വ്യക്തമാക്കിയിട്ടുമുണ്ട്. പശ്ചാത്താപം അഥവാ തൗബയും പ്രാർഥനകളുമെല്ലാം വിശ്വാസിക്ക് ആ തെറ്റുകൾ ഏറ്റുപറയാനുള്ളതാണ്. ഒരാൾ എത്ര നല്ലവനാണെങ്കിലും ഒരു ആയുഷ്കാലത്ത് ധാരാളം വീഴ്ചകൾ വന്നിട്ടുണ്ടാവും. പലതും സഹപ്രവർത്തകരെയും മറ്റു ബന്ധപ്പെട്ടവരെയും അസ്വസ്ഥപ്പെടുത്തിയിട്ടുമുണ്ടാകും. പക്ഷേ, മരണപ്പെട്ടാൽ അത്തരം വീഴ്ചകൾ സ്മരിക്കുന്നത് റസൂൽ(സ) വിലക്കിയിട്ടുണ്ട്. ആഇശ(റ)യിൽനിന്ന് നിവേദനം: നബി(സ)യുടെ അടുത്ത് ഒരു പരേതനെക്കുറിച്ച് മോശമായത് പറയപ്പെട്ടു. അപ്പോൾ നബി(സ) പറഞ്ഞു: "നിങ്ങളിൽ മരിച്ചുപോയവരെ നന്മ കൊണ്ടല്ലാതെ സ്മരിക്കരുത്."

ജീവിതത്തിൽ ഇസ്‌ലാമിന്റെ ധാർമിക പാഠങ്ങളും കൽപനകളും വേണ്ടത്ര ഉൾക്കൊള്ളാത്ത ആളുകളും മുസ്‌ലിം സമുദായത്തിലുണ്ട്. അവർ ജീവിതകാലത്ത് ഒട്ടേറെ തിന്മകൾ ചെയ്തിട്ടുണ്ടാവും. ചിലപ്പോൾ മരിച്ചുപോയ അവർ ചെയ്തുവെച്ച ചില കാര്യങ്ങൾ ജീവിച്ചിരിക്കുന്നവരെ പ്രയാസപ്പെടുത്തിയേക്കാം. അപ്പോഴും അവരെ ശപിക്കുകയോ ചീത്ത പറയുകയോ ചെയ്യാൻ പാടില്ല. ആഇശ(റ) നിവേദനം. നബി(സ) പറഞ്ഞു: "മരിച്ചുപോയവരെ നിങ്ങൾ ശകാരിക്കരുത്. അവർ മുമ്പ് എന്ത് പ്രവർത്തിച്ചുവോ അതിലേക്കവർ എത്തിക്കഴിഞ്ഞിരിക്കുന്നു" (ബുഖാരി).

മരിച്ചുപോകുന്ന വിശ്വാസിയുടെ നന്മകളുടെ പാഠങ്ങളും ജീവിത മാതൃകകളും പിൻഗാമികൾക്ക് പകർത്താനുള്ളതാണ്. അതുകൊണ്ടാണ് അത് പങ്കുവെക്കുകയും വാഴ്ത്തുകയും ചെയ്ത സ്വഹാബികളുടെ പ്രവൃത്തിയെ റസൂൽ(സ) അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത്. അതേസമയം മാനുഷികമായ അവരുടെ വീഴ്ചകളും തെറ്റുകളും പങ്കുവെക്കുന്നത് കൊണ്ട് ജീവിച്ചിരിക്കുന്നവർക്ക് ഒരു നന്മയുമില്ല. അതുകൊണ്ടാണ് അത്തരം ദോഷങ്ങൾ മരണപ്പെട്ടവരെക്കുറിച്ച് പറയരുതെന്ന് പ്രവാചകൻ വിലക്കിയത്. നന്മകൾ പരമാവധി പ്രചരിപ്പിക്കാനും, തിന്മകളുടെ പ്രചാരണം സാധ്യമാവുംവിധം തടയാനുമുള്ള ഇസ്‌ലാമിക സാമൂഹിക മര്യാദയുടെ ഭാഗമായി കൂടി ഈ പ്രവാചക പാഠങ്ങളെ വിലയിരുത്താം. ■